സ.ഉ.(കൈ) നം.103/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട എം.കെ.മണിയുടെ മകൾ കുമാരി ശ്രീജ എം - സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.103/2023/LSGD തീയതി,തിരുവനന്തപുരം, 28-04-2023

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. കുമാരി ശ്രീജ.എം സമർപ്പിച്ച 18.01.2021 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ 10.11.2022 തീയതിയിലെ DUA/4772/2022-E4 നമ്പർ കത്ത്.
5. എറണാകുളം ജില്ലാ കളക്ടറുടെ 31.03.2023 തീയതിയിലെ E5-592263/2022 നമ്പർ കത്ത്.

ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്, കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 12.07.2019 തീയതിയിൽ മരണപ്പെട്ട എം.കെ.മണിയുടെ മകൾ കുമാരി ശ്രീജ എം (പുളിമൂട്ടിൽപറമ്പിൽ, ഹൗസ് നം.12/1037, പനയപ്പിള്ളി, കൊച്ചി-682002) പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എം.കെ.മണിയുടെ സേവനകാലം 13 വർഷവും 8 മാസവും 27 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 18.11.1961, 17.10.2005 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്

2.കുമാരി. ശ്രീജ.എം. 6-ാം ക്ലാസ്സ് വിജയിച്ചിട്ടുള്ളതും ടിയാളുടെ ജനന തീയതി 19.04.1981 എന്നതുമാണ്. ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (18.01.2021) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി എം.കെ.മണിയുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ കുമാരി. ശ്രീജ എം-ന് ജോലി നല്കുന്നതിൽ

എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ട നല്കിയിട്ടുണ്ട്. ടിയാരി അവിവാഹിതയാണ്. കുമാരി ശ്രീജ.എം ന്റെ കുടുംബ വാർഷിക വരുമാനം 48000/- രൂപയാണെന്ന് (നാൽപ്പത്തിയെട്ടായിരം രൂപ മാത്രം) തോപ്പുംപടി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം (2)ൽ വ്യവസ്ഥ ചെയ്യുന്ന ആശ്രിതരെ സംരക്ഷിച്ചു കൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്. കുമാരി ശ്രീജ എം എറണാകുളം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാരി ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 12.07.2019 തീയതിയിൽ മരണപ്പെട്ട എം.കെ.മണിയുടെ മകൾ കുമാരി ശ്രീജ എം-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ പരാമർശം (1)ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. പ്രിൻ സിപ്പൽ ഡയറക്ടർ/ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ.

ജില്ലാ കളക്ടർ , എറണാകുളം.

കുമാരി ശ്രീജ എം, പുളിമൂട്ടിൽപറമ്പിൽ, ഹൗസ് നം.12/1037, പനയപ്പിള്ളി,

കൊച്ചി-682002.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

സ.ഉ.(കൈ) നം.103/2023/LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/398/2022-തസ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 28-04-2023 15:47:26

സെക്ഷൻ ഓഫീസർ